


വിവാഹങ്ങൾക്കും മറ്റ് ആഘോഷങ്ങൾക്കും നമ്മൾ വ്യാപകമായി ഉപയോഗിക്കുന്ന ഡിസ്പോസിബിൾ ഗ്ലാസുകൾ ആരും ശ്രദ്ധിക്കാത നിശബ്മായ ഒരു പാരിസ്ഥിതി ദുരന്തം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് കപ്പുകൾ നമുക്ക് പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞെങ്കിലും പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള ഡിസ്പോസിബിൾ ഗ്ലാസുകൾ ഒറ്റ ഉപയോഗത്തിന് ശേഷം വലിച്ചെറിയപ്പെടുമ്പോളുണ്ടാകുന്ന അപകടത്തിന്റെ ആഴത്തെക്കുറിച്ച് വേണ്ടവിധത്തിൽ നമ്മൾ ആലോചിച്ച് തുടങ്ങിയിട്ടില്ല. ആഘോഷങ്ങളിൽ അനാവശ്യമായി കടന്നുകൂടുന്ന ഈ പ്ലാസ്റ്റിക് ഭീകരനെ ഒഴിവാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സുഹൃത്തുക്കൾ അവരുടെ അനുഭങ്ങൾ വിവരിക്കുന്നു. നമ്മുടെ ആഘോഷങ്ങൾ പരിസ്ഥിതിക്ക് ദുരന്തമായി മാറരുതെന്ന ഉറച്ച തീരുമാനം എല്ലാവരുമെടുക്കണമെന്ന പ്രചരണംകൂടിയാണ് ആഘോഷവേളകളിൽ സ്റ്റീൽ ഗ്ലാസുമായെത്തുന്ന ഇവരുടെ പ്രവർത്തനം.

# വീണ്ടും ചില കല്യാണ വിശേഷങ്ങൾ

കരീം. കെ. പുറം

പ്ലാസ്റ്റിക്കെന്ന ഭീകരന്റെ സംഹാര താണ്ഡവം ഭൂമിയിൽ ആരംഭിച്ചിട്ട് അധികകാലമായിട്ടില്ലെങ്കിലും ഭൂമിയിലെ സർവ്വ ജീവജാലങ്ങൾക്കും ഭീഷണിയായി അത് മാറികഴിഞ്ഞു. ആഗോള താപനത്തിന്റെയും ഓസോൺ പാളികൾ തകരുന്നതിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന ഭരണകൂടങ്ങൾ പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക് ഫ്ളക്സ് ബോർഡിൽ പ്ലാസ്റ്റിക്കിനെതിരെയുള്ള മഹദ് വചനങ്ങൾ എഴുതുന്നതല്ലാതെ ക്രിയാത്മകമായി എന്തെങ്കിലും ചെയ്തതായി ഇതുവരെ കാണാൻ കഴിഞ്ഞില്ല. ജനങ്ങൾ നിർബാധം പ്ലാസ്റ്റിക് ക്യാരി ബാഗുകളുമായി ജൈത്രയാത്ര തുടരുന്നു. വിലകുറഞ്ഞ സമ്പൂർണ്ണ പ്ലാസ്റ്റിക് കപ്പുകൾ ഉപയോഗിച്ചിരുന്നിടത്തുനിന്നും വിലകൂടിയ പ്ലാസ്റ്റിക് കോട്ടിങ്ങ് കപ്പുകളിലേക്ക് ജനങ്ങളുടെ സൽക്കാരഘോഷങ്ങൾ മാറിയത് മാത്രമാണ് ഇതിനിടയിലുണ്ടായ മാറ്റം. കടലാസ് കപ്പാണെന്നാണ് പേരെങ്കിലും അത് കടലാസ് കപ്പല്ല. അതിനുള്ളിൽ പ്ലാസ്റ്റിക് കടലാസും പുറമെ ഏതോ തരം മെഴുകും പുരട്ടിയിരിക്കയാണ്. ഇതിലേക്കാണ് വൃത്തിയുടെ മഹാരഥന്മാരായ മലയാളികളും മഹാന്മാരും ചൂടുള്ള ചായയും വെള്ളവും മറ്റ് പാനീയങ്ങളും ഒഴിക്കുന്നത്. മാത്രമല്ല ഇത് കഴുകാതെയാണുപയോഗിക്കുന്നതും. ഇതിന് പുറമെയാണ് പണത്തിന്റെ ഹുങ്കും. ഈ ആർഭാട കപ്പിന് ഏറ്റവും ചുരുങ്ങിയത് അൻപത് പൈസ വിലയുണ്ട്. ഒരു ഗ്ലാസ് വെള്ളം കുടിച്ചിട്ട് വലിച്ചെറിയുന്നത് അൻപത് പൈസയാണെന്നർത്ഥം. ഈ വലിച്ചെറിയുന്ന അൻപത് പൈസ അവിടെ നൂറ്റാണ്ടുകളോളം കിടന്ന് മണ്ണിനെ നശിപ്പിച്ച്, റേഡിയേഷനുണ്ടാക്കി സകല ജീവജാലങ്ങൾക്കും ഭീഷണിയായി ജീവിക്കും. ഇതിനെതിരെ നമുക്കൊന്നും ചെയ്യാൻ കഴിയില്ലേ?

കഴിയും. നമ്മെക്കൊണ്ടാവുന്നത് ചെയ്യാൻ കഴിയും. ഈ രാജ്യത്തെ മുഴുവൻ മനുഷ്യരും പ്രകൃതിക്കെതിരെ നീങ്ങിയാലും പരിസ്ഥിതി പ്രവർത്തകർക്ക് അതിനൊപ്പം നീങ്ങാൻ കഴിയില്ലല്ലോ? മറ്റുള്ളവരോടൊപ്പം പോകാൻ അവർക്ക് കഴിയാത്തതുകൊണ്ടാണല്ലോ അവർ പരിസ്ഥിതി പ്രവർത്തകരായത്. രാജഭരണമായിരുന്നപ്പോൾ നാട്ടുരാജാക്കന്മാരോടൊപ്പവും ബ്രിട്ടീഷുകാർ വന്നപ്പോൾ ബ്രിട്ടീഷുകാരോടൊപ്പവും പിന്നെ കോൺഗ്രസ്സു വന്നപ്പോൾ കോൺഗ്രസ്സുകാരോടൊപ്പവും, കോൺഗ്രസ്സിനെതിരെ ജനരോഷമുണർന്നപ്പോൾ കമ്മ്യൂണിസ്റ്റുകാരോടൊപ്പവും നിന്ന അവസരവാദികളായ ചിലർ ഇപ്പോൾ മാറി വരുന്ന 'ട്രെൻഡ്' പരിസ്ഥിതിക്കാരുടേതാണെന്ന് മനസ്സിലാക്കി പരിസ്ഥിതിക്കാരോടൊപ്പം നിന്ന് പരിസ്ഥിതിക്കുപ്പായമിട്ട് നടക്കു

ന്നുണ്ട്. ആ കപട പരിസ്ഥിതിക്കാർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അവർ ഒരു മരം നട്ട് പിടിപ്പിക്കുകയോ, ഒരു കപ്പ് വെള്ളം പാഴാക്കി കളയാതിരിക്കുയോ ചെയ്യില്ല. അവർ സെമിനാറുകളിൽ അധ്യക്ഷത വഹിച്ച് കാലം കഴിക്കട്ടെ! എന്നാൽ നമുക്ക് ആഘോഷങ്ങൾ പ്ലാസ്റ്റിക് രഹിതമാക്കാൻ ആവത് ശ്രമിക്കാം. നമ്മുടെ ആഘോഷവേളകൾ പ്ലാസ്റ്റിക് രഹിതമാക്കാൻ പരമാവധി ശ്രമിക്കാം.

അത്തരം ഒരു ശ്രമത്തിന്റെ അനുഭവസാക്ഷ്യമാണിവിടെ കുറിക്കുന്നത്. തിരൂർ ഗാന്ധിയൻ പ്രകൃതി ചികിത്സാലയത്തിന്റെ സാരഥിയും, പ്രമുഖ പരിസ്ഥിതി പ്രവർത്തകനുമായ ഡോ: പി.എ. രാധാകൃഷ്ണന്റെ സഹോദരന്റെ മകളുടെ കല്യാണം ഈ വൃത്തികെട്ട പ്ലാസ്റ്റിക് കപ്പുകൾ ഇല്ലാതെയാണ് ആഘോഷിക്കപ്പെട്ടത്. കല്യാണം ഇക്കോ–ഫ്രണ്ട്‌ലിയാക്കണമെന്ന ആശയം മുമ്പോട്ട് വെച്ചപ്പോൾ തന്നെ സ്റ്റീൽകപ്പുകൾ കൊണ്ട് വരാമെന്നും, അത് കഴുകി തരാമെന്നും ഞങ്ങളേറ്റു. ഞാനും എന്റെ സുഹൃത്തുക്കളായ അനിൽ ചാലക്കുടിയും, കെ. പി. ഇല്യാസും, ശശി ഡ്രീംസും ഒക്ടോബർ 25ന് രാവിലെ ഗുരുവായൂരെത്തി. ഞങ്ങൾ ആയിരത്തി ഇരുന്നൂറോളം കപ്പുകളും (സ്റ്റീൽ ഗ്ലാസ്സ്) മായാണ് വന്നത്. കല്യാണമണ്ഡപത്തിലെ ഡൈനിംഗ് ഹാളിൽ നൂറ്റി എഴുപത് ആളുകൾക്ക് ഒരു സമയം ഇരുന്ന് ഭക്ഷണം കഴിക്കാം. അപ്പോൾ ഒരു പന്തിക്ക് പായസം വിളമ്പാനടക്കം മുന്നൂറ്റി നാല്പത് ഗ്ലാസ് വേണം. മൂന്ന് ട്രിപ്പിനുള്ള ഗ്ലാസുകൾ സ്റ്റോക്കുണ്ടായിരുന്നതുകൊണ്ട് ഡൈനിംഗ് ഹാളിൽ സ്റ്റീൽഗ്ലാസ്സുകൾക്ക് ഒരു ക്ഷാമവും അനുഭവപ്പെട്ടില്ല. പായസം കുടിച്ച ഗ്ലാസ്സുകൾ വേറെ വേറെ ബക്കറ്റിൽ സംഭരിച്ചതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെട്ടില്ല. ഏകദേശം മൂവായിരത്തോളം പ്ലാസ്റ്റിക് കപ്പുകളാണ് ഞങ്ങളുടെ ഇടപെടൽമൂലം ഒഴിവാക്കപ്പെട്ടത്. അതിന് ചിലവ് വരുമായിരുന്ന പണത്തേക്കാളും കൂടുതൽ പണം ഞങ്ങൾക്കവർ പാരിതോഷികമായി തന്നു. ഒരു ഇക്കോ ഫ്രണ്ട്‌ലി കല്യാണം നടത്തിയതിന്റെ ആത്മസംതൃപ്തിയിൽ ഡോ: പി.എ രാധാകൃഷ്ണനും, ഇത്തരം ഒരു ഇക്കോ–ഫ്രണ്ട്‌ലി കല്യാണത്തിന് ഗ്ലാസ് കഴുകാനവസരം കിട്ടിയതിൽ ഞങ്ങളും അതീവ സംതൃപ്തരായിരുന്നു. ഇത്തരത്തിലുള്ള ഇക്കോ ഫ്രണ്ട്‌ലി സൽക്കാരങ്ങൾക്കാവശ്യമായ സ്റ്റീൽ കപ്പുകളുമായി വരാനും, ആവശ്യങ്ങൾ ഏറ്റവും ഭംഗിയാക്കി നിർവ്വഹിക്കാനും ഞങ്ങളൊരുക്കമാണെന്നറിയിക്കുന്നു.

പണം കിട്ടാനുള്ള ഒരു പണിയായിട്ടല്ല ഞങ്ങളീ ഗ്ലാസ്സ് കഴുകലിനെ കാണുന്നത്. ഞങ്ങൾക്കെല്ലാം വെറെ പണിയുണ്ട്. എന്നാൽ ഗ്ലാസ് കഴുകാനൊന്നും ആളെ കിട്ടാത്തതുകൊണ്ടാണ് ഞാനീ ഡിസ്പോസിബിൾ കപ്പുകളുപയോഗിച്ചത് എന്ന് പറയാതിരിക്കാനും, കഴിയുന്നത്ര ഡിസ്പോസിബിൾ കപ്പുകൾ ഉപയോഗിക്കാതിരിക്കാനുള്ള വഴിയായുമാണ് ഞങ്ങളീ സംരംഭത്തെ കാണുന്നത്. ഡിസ്പോസിബിൾ കപ്പുകൾക്ക് ചിലവാക്കുന്ന പണമെങ്കിലും ഞങ്ങൾക്ക് കിട്ടുകയും വേണം. അല്ലെങ്കിൽ ഇത് മുന്നോട്ട് പോവുകയില്ല. ഞങ്ങൾ സ്റ്റീൽ കപ്പുകൾ അവതരിപ്പിച്ച ഗുരുവായൂർ, കോട്ടപ്പടി, മിലാൻ ഓഡിറ്റോറിയത്തിലെ കാറ്ററിംഗ് സുഹൃത്തുക്കൾ പറഞ്ഞത് ഞങ്ങളും ഈ പരിപാടി തുടങ്ങുമെന്നാണ്. കാരണം ഞങ്ങൾക്ക് കിട്ടിയ മൂവായിരം രൂപ അവർക്ക് കിട്ടേണ്ടതായിരുന്നു. കുറച്ചു സ്റ്റീൽ കപ്പുകൾ സംഘടിപ്പിച്ചാൽ മൂന്ന് മണിക്കൂർ നേരത്തെ പണികൊണ്ട് ഇത്രയും പണം അവർക്ക് കിട്ടുമായിരുന്നു. ചുരുങ്ങിയത് കേരളം മുഴുവൻ ഈ ഡിസ്പോസിബിൾ വിരുദ്ധ സംസ്കാരം വളർന്ന് വരണം. ഹോട്ടലിലും റിസോർട്ടുകളിലും സ്റ്റീൽ ഗ്ലാസ്സുകളിൽ വെള്ളവും ചായയും കുടിക്കുന്ന മലയാളിക്ക് കല്യാണപ്പൊങ്ങച്ചത്തിന് ഡിസ്പോസിബിൾ ഉപയോഗിക്കുന്ന ശീലം ഇല്ലാതാക്കാൻ ഡോ: പി. എ. രാധാകൃഷ്ണനെപ്പോലെ ഇച്ഛാശക്തിയുള്ളവർ രംഗത്ത് വരണം. ഒരു പരിസ്ഥിതി പ്രവർത്തകനും അവന്റെ വീട്ടിലെ ആഘോഷങ്ങൾക്ക് ഡിസ്പോസിബിൾ കപ്പുകളുപയോഗിക്കരുത്. മറ്റുള്ളവർ ഭൂമിയുടെ നാശത്തെകുറിച്ച് വേവലാതികളില്ലാത്തവരാണ്. അവർ പ്ലാസ്റ്റിക് കപ്പ് മാത്രമല്ല പ്ലാസ്റ്റിക് വാഴയിലയും കല്യാണത്തിനുപയോഗിക്കും. അവരത്രക്കും വിവരം കെട്ടവരാണ്. അവരെകുറിച്ച് സഹതപിക്കാനല്ലാതെ മറ്റൊന്നിനും നമുക്ക് കഴിയില്ല. എന്നാൽ പ്ലാസ്റ്റിക് വാഴയിലയും, പ്ലാസ്റ്റിക് ഡിസ്പോസിബിൾ കപ്പുമുപയോഗിക്കുന്ന പരിസ്ഥിതിക്കാർക്ക്, പരിസ്ഥിതി കുപ്പായമിട്ടവർക്ക് മാപ്പുകൊടുക്കാൻ ഞങ്ങൾ തയ്യാറല്ല. രാജ്യത്തുടനീളം പ്ലാസ്റ്റിക് വിതറി, അവയെല്ലാം സംഭവിക്കപ്പെടുന്ന ഞെളിയൻ പറമ്പുകൾക്കും, ലാലൂരി നുമെതിരെ സമരം ചെയ്തി ട്ടെന്തുകാര്യം? എല്ലാ സമരവും ആദ്യം ചെയ്യേണ്ടത് നമ്മോട് തന്നെയാണ്. നമ്മോട് സമരം ചെയ്ത് നാം ജയിച്ചിട്ട് വേണം മറ്റുള്ളവരെ തോല്പിക്കാനുള്ള സമരം ചെയ്യാൻ. ഏത് സംരംഭത്തേയും അടിസ്ഥാനവർഗ്ഗം സംശയത്തോടെയേ വീക്ഷിക്കൂ എന്നതും സാർവലൗകികമാണ്. ഞങ്ങൾ നടത്തിയ പ്ലാസ്റ്റിക് വിരുദ്ധ പ്രായോഗിക സമരത്തേയും മിലാൻ ഓഡിറ്റോറിയത്തിലെത്തിയവരും ആദ്യം സംശയത്തോടെയാണ് വീക്ഷിച്ചത്. ഒടുവിൽ കുറേ ചെറുപ്പക്കാർ ഞങ്ങളോട് സംസാരിക്കാൻ തയ്യാറായതും ഞങ്ങൾക്കവരോട് കാര്യങ്ങൾ വിശദീകരിക്കാൻ കഴിഞ്ഞതും മാത്രമാണ് ഇതിൽനിന്ന് കിട്ടിയ പ്രഥമ ലാഭം. അതാണ് ഞങ്ങൾ ആഗ്രഹിച്ചതും.

*ബന്ധങ്ങൾക്ക്:*
*കെ. പി. ഇല്യാസ് 9446661698,*
*കരീം കെ പുറം. 9495040513.*